ഹയർ സെക്കണ്ടറി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-1

*No: ICT Cell /9887/SWS/HSE/2012* *19/11/2012*

# സർക്കുലർ

**വിഷയം : 2012-13 അധ്യയന വർഷത്തെ പ്ലസ് വൺ പരീക്ഷയുടെ നോമിനൽ റോൾ പരിശോധനയ്ക്കായി പ്രസിദ്ധീകരിച്ചു**

2012-13 വർഷത്തിൽ കേരള സിലബസിൽ പ്ലസ്വൺ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ നോമിനൽ റോൾ സ്കൂൾ അധികൃതരുടെ പരിശോധനയ്ക്കായി പ്രസിദ്ധീകരിച്ചു. പ്രിൻസിപ്പൽമാർ അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in ൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് നോമിനൽ റോൾ സൂക്ഷ്മ പരിശോധന നടത്തണം. **നോമിനൽ റോളിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസാന അവസരമാണിത്.** ഏകജാലക രീതിയിൽ നടത്തിയ പ്രവേശനങ്ങളുടെ കേന്ദ്രീകൃത ഡാറ്റാബേസിലേക്ക് അതത് സ്കൂളുകളിൽ നിന്ന് വിദ്യാർത്ഥികളുടെ രണ്ടാം ഭാഷ, അഡ്മിഷൻ നമ്പർ മുതലായ വിവരങ്ങൾ കൂടി ശേഖരിച്ചും മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വോട്ടകളിലെയും അൺ എയിഡഡ് ബാച്ചുകളിലേയും, അൺ എയിഡഡ് സ്കൂളുകളിലേയും, ടെക്നിക്കൽ സ്കൂളുകളിലേയും, റെസിഡൻഷ്യൽ സ്കൂളുകളിലെയും പ്രവേശന വിവരങ്ങൾ കൂട്ടിച്ചേർത്തുമാണ് നോമിനൽ റോൾ തയ്യാറാക്കിയിരിക്കുന്നത്. ഈ ആവശ്യത്തിലേക്ക് സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് വിദ്യാർത്ഥി വിവരങ്ങൾ ഡാറ്റാ എൻട്രി വിവരങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിരുന്നു.

## നോമിനൽ റോളുകൾ ലഭ്യമാകാത്ത സ്കൂളുകൾ

ചില സ്കൂളുകളുടെ /കോമ്പിനേഷനുകളുടെ നോമിനൽ റോളുകൾ താഴെ പറയുന്ന കാരണങ്ങളാൽ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

- ഇക്കൊല്ലത്തെ ഏകജാലകേതര പ്രവേശന വിവരങ്ങൾ സ്കൂളിൽ നിന്ന് നൽകാത്തതിനാൽ
- ഏകജാലക രീതിയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രണ്ടാം ഭാഷ, അഡ്മിഷൻ നമ്പർ മുതലായ വിവരങ്ങൾ നൽകാത്തതിനാൽ / അപൂർണ്ണമായി നൽകിയതിനാൽ
- മാനേജ്മെന്റ്/കമ്മ്യൂണിറ്റി ക്വോട്ട/അൺ എയിഡഡ് ബാച്ച് മുതലായവയിലെ വിദ്യാർത്ഥി വിവരങ്ങൾ നൽകാത്തതിനാൽ/അപൂർണ്ണമായി നൽകിയതിനാൽ

സ്കൂളുകളിലെ നോമിനൽ റോളുകൾ പൂർണ്ണമായോ ഭാഗികമായോ ലഭ്യമാകാതിരുന്നാൽ അഡ്മിൻ യൂസറിൽ തന്നെയുള്ള **Total Admitted List** പരിശോധിച്ച് ഏതെങ്കിലും വിദ്യാർത്ഥിയുടെ/വിദ്യാർത്ഥികളുടെ ജാതി, രണ്ടാം ഭാഷ, അഡ്മിഷൻ നമ്പർ, അക്കൗണ്ടൻസി സ്പെസിഫിക്കേഷൻ, വെരിഫിക്കേഷൻ എന്നിവയിൽ ഏതെങ്കിലും വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിച്ച് ആയവ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾക്കായി ഡയറക്ടറേറ്റിലെ ഐ.സി.റ്റി സെല്ലിൽ ബന്ധപ്പെടുക.

## ഐ.സി.റ്റി സെല്ലിൽ ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരും ഫോൺ നമ്പരും

| Member-in-Charge | Mobile No | Districts |
|---|---|---|
| M.R.Sreekumar | 9947783118 | Trivandrum, Kollam, Pathanamthitta Ernakulam, Malappuram & Schools Outside Kerala |
| Sasikumar. C | 9495303518 | Thrissur, Palakkad, Kozhikkode, Wayanad, Kasaragod |
| Jinabala.M.S | 9645639487 | Alappuzha,Kottayam,Idukki,Kannur |
| B. MuralidharanPillai (**Co-ordinator**) | 9446661644 | **Office Number:0471-2529855** |

**നോമിനൽ റോളിൽ വിട്ടുപോയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനും വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും താഴെ സൂചിപ്പിക്കുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.**

നോമിനൽ ലിസ്റ്റിലില്ലാത്ത വിദ്യാർത്ഥികളുടെ അഡ്മിഷൻ നമ്പർ, അഡ്മിഷൻ നൽകിയ രീതി, അപേക്ഷാ നമ്പർ ( ഏകജാലക രീതിയിൽ അപേക്ഷ നൽകിയ വിദ്യാർത്ഥിയാണെങ്കിൽ ആ അപേക്ഷാ നമ്പരാണ് നൽകേണ്ടത്), അഡ്മിഷൻ നൽകിയ തിയതി, വിഷയ കോമ്പിനേഷൻ (കോഡ് സഹിതം), അക്കൗണ്ടൻസി വിഷയങ്ങളുണ്ടെങ്കിൽ AFS അല്ലെങ്കിൽ Computerised Accounting എന്നത്, രണ്ടാം ഭാഷ, എന്നീ വിവരങ്ങൾ അടങ്ങിയ പ്രിൻസിപ്പളിന്റെ റിപ്പോർട്ടിനോടൊപ്പം പ്രവേശനം നൽകിയതിന് ആധാരമായ ഉത്തരവ്, യോഗ്യതാ പരീക്ഷാ സർട്ടിഫിക്കറ്റ് അഡ്മിഷൻ രജിസ്റ്ററിന്റെ നിർദ്ദിഷ്ട പേജ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ **കോ-ഓർഡിനേറ്റർ, ഐ.സി.റ്റി സെൽ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസം), ഐ.റ്റി. അറ്റ് സ്കൂൾ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ തപാലിൽ അയക്കണം. കവറിന് പുറത്ത് ജില്ലയുടെ പേരും സ്കൂൾ കോഡും നിർബന്ധമായും എഴുതിയിരിക്കണം. അതിന് ശേഷം ഐ.സി.റ്റി സെല്ലിന്റെ നിർദ്ദേശ പ്രകാരം വിദ്യാർത്ഥിയെ നോമിനൽ റോളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്കൂളധികൃതർ സ്വീകരിക്കേണ്ടതാണ്.

ഇക്കൊല്ലത്തെ പ്രവേശന പ്രക്രിയ പൂർത്തിയാക്കിയ ശേഷം സർക്കാരിന്റെ പ്രത്യേക ഉത്തരവുകൾ പ്രകാരം അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെയും ഹയർ സെക്കണ്ടറി ഡയറക്ടറുടെയോ റീജിയണൽ ഡപ്യൂട്ടി ഡയറക്ടറുടെയോ ഉത്തരവ് പ്രകാരം പുനഃപ്രവേശനം നേടിയ വിദ്യാർത്ഥികളുടെയും വിവരങ്ങളും മേൽ സൂചിപ്പിച്ച പ്രകാരം അയയ്ക്കണം.

നോമിനൽ റോളിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ താഴെ പറയുന്ന മാതൃകയിൽ പ്രിൻസിപ്പളിന്റെ റിപ്പോർട്ട് തയ്യാറാക്കി, യോഗ്യതാ സർട്ടിഫിക്കറ്റ്, അഡ്മിഷൻ രജിസ്റ്ററിന്റെ നിർദ്ദിഷ്ട പേജ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്കൊപ്പം നോമിനൽ റോളിന്റെ ബന്ധപ്പെട്ട പേജിന്റെ പ്രിന്റൗട്ടിൽ കൂടി ചെമന്ന അക്ഷരത്തിൽ തിരുത്ത് മാർക്ക് ചെയ്ത് ഐ.സി.റ്റി സെല്ലിലേക്ക് തപാലിൽ അയയ്ക്കേണ്ടതാണ്.

| Sl.No | Appl.No | Name of Candidate | SSLC Reg.No | Admitted via SWS/Mgt/ Comm/Unaided | Field to be Corrected | Information to be corrected as |
|---|---|---|---|---|---|---|
| | | | | | | |

വിടുതൽ സർട്ടിഫിക്കറ്റ് നൽകപ്പെട്ട വിദ്യാർത്ഥികളും പ്രവേശനം നേടാത്ത വിദ്യാർത്ഥികളും ലിസ്റ്റിലുണ്ടെങ്കിൽ എത്രയും പെട്ടെന്ന് അവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യണം. ഇതിനായി ഒഴിവാക്കേണ്ട വിദ്യാർത്ഥികളുടെ വിവരങ്ങളും (അപേക്ഷാ നമ്പർ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം) പ്രിൻസിപ്പാളിന്റെ റിപ്പോർട്ടും വിടുതൽ സർട്ടിഫിക്കറ്റിന്റെ കൗണ്ടർഫോയിലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഐ.സി.റ്റി സെല്ലിലേക്ക് തപാലിൽ അയയ്ക്കണം.

**ഇതുവരെ വിദ്യാർത്ഥി വിവരങ്ങൾ ഒന്നും തന്നെ നൽകാത്ത സ്കൂളുകളിലെ/രണ്ടാം ഭാഷ സമയപരിധിയ്ക്കുള്ളിൽ നൽകാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാർ വ്യക്തമായ വിശദീകരണം സഹിതം ഡാറ്റാ എൻട്രി നടത്തുന്നതിന് ഹയർസെക്കണ്ടറി ഡയറക്ടറുടെ അനുമതി തേടേണ്ടതാണ്. ഡയറക്ടർക്ക് നൽകുന്ന വിശദീകരണ കത്തിന്റെ സ്കാൻ ചെയ്ത കോപ്പി ictcelldhse@gmail.com എന്ന മെയിലിലേയ്ക്ക് സ്കൂളിന്റെ ഔദ്യോഗിക മെയിലിൽ നിന്നും അയയ്ക്കേണ്ടതാണ്.**

**നോമിനൽ റോളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളെയോ രക്ഷിതാക്കളെയോ ഒരു കാരണവശാലും ഡയറക്ടറേറ്റിലേക്കോ, ഐ.സി.റ്റി സെല്ലിലേക്കോ അയയ്ക്കരുത്.** സ്കൂളധികൃതരാണ് ഐ.സി.റ്റി സെല്ലുമായി ബന്ധപ്പെട്ട് ലിസ്റ്റ് പൂർണ്ണമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

നോമിനൽ റോളിലെ തിരുത്തലുകൾക്കുള്ള അപേക്ഷകൾ **2012 നവംബർ 22 ന്** അകം ഐ.സി.റ്റി സെല്ലിൽ ലഭിയ്ക്കുന്ന തരത്തിലാണ് അയയ്ക്കേണ്ടത്. സമയപരിധിയ്ക്ക് ശേഷം ലഭിയ്ക്കുന്ന അപേക്ഷകൾ പരിഗണിയ്ക്കുന്നതല്ല.

**ഡയറക്ടർ**